# വായില്ലാക്കുന്നിലപ്പൻ

“പിറകേനടന്നോളു എൻ നിഴലായ് നീ മകനേ
കരയല്ലെകുഞ്ഞെ നിന്നെത്താങ്ങാനുമാവില്ലല്ലോ
എങ്കിലും കളയില്ലിനി,യാരെന്തുരച്ചാലും ഞാൻ നിന്നെ-
യറിയാതെങ്കിലുമമ്മ കുഞ്ഞിനെ ശപിച്ചില്ലേ”
പറയാനായില്ലെനിക്കൊരുവാക്കും തിരിച്ചങ്ങോ-
ട്ടറിയാഞ്ഞിട്ടല്ല, പക്ഷേ വായില്ലാപ്പൂതമല്ലെ
അനുധാവനം ചെയ്തു ഞാനവരെ മെല്ലേ, മെല്ലേ
ഒരുവെറും നിഴലായി, നീങ്ങും നിശ്ശബ്ദതയായ്
പുണ്യങ്ങൾ തേടിയലഞ്ഞാ, രണ്ടാത്മാക്കൾ മുന്നിൽ
പിന്നിലായ് ഞാനും പാപദുഖ:ത്തിനാത്മാവായി
ഇടയ്ക്കിടെയിരുന്നവരശിച്ചൂ പാഥേയങ്ങൾ
നെടുവീർപ്പോടെ ഞാനും നോക്കിനിന്നൂ നിശ്ശബ്ദനായ്
“അമ്മയ്ക്കറിയാമെല്ലാം നുണയൂ നാവു നീ മകനേ
ഭക്ഷണക്കറയേശാത്ത നാവിലേ,യമ്രുതങ്ങൾ
നിന്നേപ്പുലർത്തും നിൻെറ വിശപ്പുകെടുത്തും, പിന്നെ
നീയാകില്ലയോ സർവം, നീയാകില്ലയോ ദൈവം
നിന്നെക്കാണാനായെത്തും മാലോകരും തേവരും
പുലരിയും പ്രപഞ്ചവും നീയാകുമെൻ പൊൻകുഞ്ഞേ”
അമ്മതൻ വാക്കെൻ മനം നിറച്ചെങ്കിലുമെന്നിൽ
തങ്ങിയ ജഠരാഗ്നി കോപിച്ചട്ടഹസിച്ചു
ഭക്ഷണമെനിക്കതു വേണമെന്നറിയില്ലേ
ഭക്ഷിക്കുമല്ലെങ്കിൽ ഞാൻ നിൻെറ ജീവനെത്തന്നെ
നുണഞ്ഞൂ സ്വന്തം നാവു, സർവശക്തിയുമെടു-
ത്തൊടുവിലതും തീർന്നു, ഞാൻ നാവില്ലാപ്പൂതമായി
യാത്രതുടർന്നു കൊടുങ്കാടു പിൻതാണ്ടീ ഞങ്ങൾ
യാത്ര തുടർന്നൂ വീണ്ടും സിന്ധു, ഗംഗാതടങ്ങളിൽ
പിന്നിട്ടു നഗരങ്ങൾ, പിന്നിട്ടു ഗ്രാമങ്ങളും
പിന്നിട്ടു ദിനങ്ങളും, മാസങ്ങൾ, വർഷങ്ങളും
ഹേമന്ത, വസന്തങ്ങൾ മാറിമാറിയുദിക്കിലു-
മെനിയ്ക്കായ് കനിഞ്ഞവ തന്നതോ ശിശിരങ്ങൾ
വർഷങ്ങളെത്തീ, നീലത്താടിവേഷങ്ങളാടി-
വർഷിച്ചു തിളങ്ങുന്ന വെളിച്ചപ്പാടിൻ വാളിൽ
എത്തിയങ്ങൊടുവിൽ ഞങ്ങളേതോ സമുദ്രക്കോണിൽ
കേട്ടുഞാൻ തുഴവീഴും തോണിതൻ നടുക്കങ്ങൾ

"എത്തി ഞാൻ, ഇതാണെൻെറ പാപമോചനതീർഥം"
പെട്ടെന്നു കുതിച്ചെൻ താതൻ, പിന്നാലേ ജനനിയും
"പോകുന്നു ഞാൻ,അമ്മയ്ക്കു പോയേപറ്റിനി മകൻ
പോയി സഹോദദരെ,യാരെയെങ്കിലും കാണൂ"
ഒറ്റയ്ക്കാകടൽതീരത്തിരുന്നൂ ഞാനന്നേതോ
മുക്കുവക്കുടിലിൻെറയോരത്തു മാനം നോക്കി
ആരുടെ ശാപമോ ഞാൻ വായില്ലാപ്പൂതമായി
പാരിൽ ഞാൻ മൂകനായതാണെൻെറയപരാധം
മയങ്ങിപ്പോയ് ഞാനൽപം, ആഴിതൻ ഗാനം കേട്ട-
ങ്ങുണർന്നപ്പോഴേക്കതാ എൻ മുന്നിൽ കാട്ടാളന്മാർ
'ഇവനാരു ചെകുത്താനോ, കള്ളനോ, കടൽപ്പേയോ
ഇവനേബലിയാക്കാം ഇന്നത്തെ നേർച്ചയ്ക്കായി'
ഭയന്നോടി ഞാ,നപ്പോഴെൻ പിറകിൽ കേട്ടു പൊട്ടി-
ച്ചിരികൾ, അവരെന്നെ,ക്കോമാളിയായിക്കണ്ടു
വീണ്ടുമലഞ്ഞൂ ഞാൻ പുൽക്കാടുമേടുകൾ താണ്ടി
വീണ്ടുമലഞ്ഞൂ ഞാനെൻ മൗനഭാരവും പേറി
മേളത്തോളില്ലം തേടി, യെൻ സോദരരെതേടി
ഭ്രാതാക്കളവരെന്നെ,യറിയാതെയിരിക്കുമോ?
പടിപ്പുരക്കതകൽപ്പമകറ്റി ഞാനുള്ളിൽ നോക്കി
വരരുചി,യെൻ താതനെക്കണ്ടു ഞാനതിനുള്ളിൽ
ഭയന്നു തിരിഞ്ഞോടി, യപ്പൊഴേക്കും ഞാനോർത്തു
വരരുചിയില്ലല്ലോ, ഇതാകാം എൻ ഭ്രാതാവഗ്നിഹോത്രി
വീണ്ടും ഞാൻ വാതിലൽപ്പമകറ്റുമ്പൊഴേക്കും കണ്ടു
വിള്ളലിലിടിനാദം, "ഛീ ഭൂതമേ ദൂരെപ്പോകൂ",
ഭയന്നു തിരിച്ചോടി ഞാ,നാത്മരക്ഷണം തേടി
ഇനിയില്ലൊരുനാളും ഞാ,നീവഴി തേടുകില്ല
അലഞ്ഞു ഞാൻ വീണ്ടും വീണ്ടും മുന്നോട്ടാവഴിവക്കിൽ
പണിയുന്നൊരുഗേഹ,മുത്തുംഗ, മുദാത്തമായ്
ഒരുനിമിഷം ഞാൻ ശങ്കിച്ചിവിടില്ലേ പെരുന്തച്ചൻ?
ഇളയോനെക്കാണാനവ, നിഛകാണാതിരിക്കുമോ?
പക്ഷെ ഞാൻ പോയില്ലങ്ങോ,ട്ടവനെന്നെയറിയില്ലല്ലോ
പറയാനാകില്ലല്ലോ എനിക്കുമെൻ നിഴലിനും
ശബ്ദങ്ങളെനിക്കുചുറ്റു,മോടിയലഞ്ഞൂ ഞാനോ
ശബ്ദങ്ങളേശാത്തൊരു ചലിക്കും പ്രതിമപോൽ
ഉടഞ്ഞപ്രതീക്ഷകൾ മനസിൻ കൊടുംകാട്ടി-
ലെരിഞ്ഞടങ്ങും നാദം മാത്രമെൻ തുണയായി

രാവി,ലാനാദങ്ങളും മയങ്ങീ എന്നോടൊപ്പം
കോവിലിൽ മണിനാദം കേൾക്കുമ്പോഴുണരുവാൻ
ഞാനൊരു പ്രഹേളിക, യുത്തരം പ്രതീക്ഷിച്ചു
നാലുദിക്കിലുമല, ഞ്ഞറിവിൻ മുത്തുംതേടി
എത്തി ഞാൻ വിദർഭയി, ലെത്തിയുജ്ജയിനിയി-
ലെത്തി പാടലീപുത്ര, ഹസ്തിനപുരികളിൽ
കണ്ടു ഞാൻ കുരുക്ഷേത്രമൈതാനപ്പടവുകൾ
കണ്ടു ഞാൻ കാൽവരികൾ, മക്കകൾ, മദീനകൾ
എങ്ങും തുറന്നില്ലെനിയ്ക്കായൊരുകവാടം പോലും
എങ്ങുമുലഞ്ഞില്ലെനിക്കായൊരു നെഞ്ചകം പോലും
വീണ്ടും ഞാൻ തേടിത്തേടിയലഞ്ഞു സാകേതം തേടി
വീണ്ടും ഞാൻ തേടിത്തേടിയലഞ്ഞു പുണ്യാശ്രമം തേടി
എനിയ്ക്കായും കാണില്ലേയൊരു ജാതകകഥ-
യെനിയ്ക്കായും കാണില്ലേ,യൊരുപാപപുണ്യഭാണ്ഡം?
ഇനിയായതുതേടി,യെത്രനാളലയണം?
ഇനിയെത്ര മുൾമേടുകൾ ഞാൻ താണ്ടിക്കടക്കണം?
ചുറ്റിനും ഘോരാരണ്യ,മിരുളും വെളിച്ചവും
ചുറ്റിയൊഴുകിയെന്നേ, ശബ്ദഘോഷങ്ങളോടെ
വിണ്ടികീറിയെൻ പാദങ്ങ, ളാമുറിവിൻ ഹ്രുദയത്തിൽ
കൊണ്ടുകേറി മുൾമുന, യെൻ ഗതിയും നിലച്ചുപോയ്
ശയിച്ചു ഞാൻ, അവിടൊരു മുത്തശ്ശനാലിൻ ചോട്ടിൽ
ഇവിടെയാകാമന്ത്യമെൻ, നഷ്ടജാതകത്തിങ്കൽ
അടച്ചു ഞാൻ മിഴിദ്വയം, ഉതകാത്ത മോഹങ്ങളേ
ഒരിയ്ക്കലാവാഹിക്കാനെ,ന്നന്ത്യമാം സ്വപ്നങ്ങളിൽ
പക്ഷെയാ സ്വപ്നങ്ങളു,മെന്നിൽ നിന്നകന്നുപോയ്
പച്ചിലക്കാട്ടിൻ കോണിലെവിടെയോ നിശ്ശബ്ദമായ്
ഉയരെ വിറയ്ക്കുന്നു പത്രസഞ്ചയം, കീഴെ-
യൊരു ശാപഗ്രസ്തനേപ്പോ, ലന്നു ഞാൻ ശയിക്കവേ
ഒരു മ്രുദുസ്പർശം, ഒരരുണഹിമകണസ്പർശം
അതെന്നെയുണർത്തി, യെൻെറ മേനിയിലിക്കിളിയായ്
മുകളിൽ ചെറുകാറ്റിലാലിലത്തളിരുകൾ
മ്രുദുവായ് ചാഞ്ചാടുന്നു ചെറുതുമ്പികളേപ്പോൽ
അതിനുംമേൽ ഇലച്ചാർത്തിൻ മരതകത്തൊങ്ങലിലൂ-
ടൊരു വാതായനം മെല്ലെ, മെല്ലെ മിഴി തുറക്കുന്നു.
ആയിരം ചാന്ദ്രനിലാ,രാവരങ്ങൊരുങ്ങുന്നു
ദേവന്രുത്തമാകാമെനിക്കന്ത്യദർശനത്തിനായ്

പുനരൊരു ഹിമബിന്ദു, വെന്നന്തരംഗത്തിലേ-
ക്കമ്രുതകണം പോലെത്തി, യെന്നിലേയെന്നേത്തേടി
അതിദ്രുതവീണാനാദ, മെൻ മനമുണർന്നാടി
സുരമകരന്ദരസച്ചാർത്തിൽ ഞാനലിഞ്ഞുവോ?
മുകളിൽ വടവ്രുക്ഷമുത്തശ്ശനെന്നേനോക്കി
കനിവിയലും മിഴിയോടെ, ശാന്തമാം ഭാവത്തോടെ
"നിന്നിലേ മോഹഭംഗങ്ങൾ നിൻ സ്രുഷ്ടി മാത്രം കുഞ്ഞേ
നീയാണഖിലം, ഞങ്ങൾ നിൻ സോദരരല്ലേ?
മൗനത്തിൻ കുടീരത്തിൽ നേടിയ തപശ്ശക്തി
നിൻ സായകമാക്കി, സാധന ശരമാക്കി-
യുണർന്നു പോരാടൂ നീയീ ജഗത്തിൻ നന്മയ്ക്കായി
മനമൊരു പടവാളാക്കൂ പതിതൻെറ രക്ഷയ്ക്കായി
വന്യമീ സൗന്ദര്യം ഞാൻ നിന്നിലേക്കാവാഹിക്കാം
നിന്നാത്മാവിലതൊരു മഴവില്ലായ് വിരിയട്ടെ
പ്രപഞ്ചം നിൻ ശ്രീകോവിൽ, നീ ഞങ്ങൾക്കു ദൈവമായ്
നൂനമാമൊരു പുണ്യത്തിൻ ശാന്തിനേരൂ ജഗത്തിനായ്

†††††††††††††††

കൃഷ്ണ